**110/2026-M**

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ 166641

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

## 110/2026-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. ബിഹാറിലെ പുരാതനമായ നളന്ദ സർവ്വകലാശാലയ്ക്ക് യുനെസ്കോയുടെ ലോകപൈതൃക പദവി ലഭ്യമായ വർഷം :
   - (A) 2018
   - (B) 2016
   - (C) 2015
   - (D) 2019

2. ഭൂമിയുടെ ചുറ്റളവ് കൃത്യമായി കണക്കുകൂട്ടിയ ഫ്രഞ്ച് ജ്യോതിശാസ്ത്രജ്ഞൻ :
   - (A) ജീൻ പെക്കാർട്
   - (B) മാർസിലിൻ
   - (C) നീൽസ് ബോർ
   - (D) എന്റിക്കോഫെർമിക്

3. ഹാരി പോട്ടർ പരമ്പരയിലെ അവസാനപുസ്തകം :
   - (A) ഹാരി പോട്ടർ ആന്റ് ഹാഫ് ബ്ലെൻഡ് പ്രിൻസ്
   - (B) ഹാരി പോട്ടർ ആന്റ് ദി ഫിലോസഫേഴ്സ് സ്റ്റോൺ
   - (C) ഹാരി പോട്ടർ ആന്റ് ഡെത്തിലി ഹാലോസ്
   - (D) ഹാരി പോട്ടർ ആന്റ് ദി ഓർഡർ ഓഫ് ദി ഫീനിക്സ്

4. പ്രധാനമന്ത്രി സ്ഥാനത്തെത്തുന്ന ലോകത്തിലെ ആദ്യ വനിത :
   - (A) ഇന്ദിരാഗാന്ധി
   - (B) ചന്ദ്രിക കുമാരതുംഗ
   - (C) സിരിമാവോ ബന്ധാരനായകെ
   - (D) ഓങ് സാൻസൂചി

5. റഷ്യൻ പ്രസിഡന്റ് നികിത ക്രൂഷ്ചേവും അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സണും തമ്മിൽ അടുക്കളത്തർക്കം (കിച്ചൺ ഡിബേറ്റ്) എന്ന വിഖ്യാത പോര് നടന്ന ദിനം :
   - (A) 24 ജൂലൈ 1959
   - (B) 26 ജൂലൈ 1959
   - (C) 28 ജൂലൈ 1959
   - (D) 22 ജൂലൈ 1959

6. ഐതിഹ്യമാലയുടെ രചയിതാവ് :

(A) കൊട്ടാരത്തിൽ ശങ്കുണ്ണി
(B) സി.വി. രാമൻ പിള്ള
(C) സി. ശങ്കുണ്ണി മേനോൻ
(D) പാച്ചുമൂത്തത്

7. ഫിലിം ഉൽപ്പന്നങ്ങൾക്ക് പ്രശസ്തമായ കൊഡാക് കമ്പനി സ്ഥാപിച്ചത് ആരാണ്?

(A) ജെയിംസ് കോൺസ്റ്റിനെൻസാ
(B) തോമസ് എഡിസൺ
(C) ജോർജ്ജ് ഈസ്റ്റ്മാൻ
(D) സ്റ്റീവൻ ജെ. സാംസൺ

8. ലോകത്തിലെ ആദ്യത്തെ പരിസ്ഥിതി സംഘടനയായ ഗ്രീൻപീസിന്റെ സമാധാന കപ്പൽ ഏതാണ്?

(A) ബീഗിൾ എർത്ത്
(B) റെയിൻബോ വാരിയർ
(C) വേഫെറർ
(D) അറ്റ്ലാന്റിസ്

9. 1814-ൽ തിരുവിതാംകൂറിൽ ചില പ്രത്യേക ജാതിക്കാരുടെ മേൽ ചുമത്തിയിരുന്ന തലയറ, വലയറ, കെട്ടിലക്കം, വേലപ്പതി തുടങ്ങിയ കരം പിരിവ് നിർത്തലാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച ഭരണാധികാരി :

(A) ഉമയമ്മ റാണി
(B) സേതു ലക്ഷ്മീ ഭായി
(C) റാണി പാർവ്വതി ഭായി
(D) റാണി ലക്ഷ്മീ ഭായി

10. ഭാരതീയ സ്ഥിതിവിവരശാസ്ത്രത്തിന്റെ ശില്പി :

(A) കെ.എൻ. രാജ്
(B) പ്രശാന്ത മഹലനോബിസ്
(C) അമർത്യസെൻ
(D) ബിബേക് ദെബ്റോയ്

11. ആദ്യത്തെ ലൈഫ് ഇൻഷ്വറൻസ് പോളിസി തുടങ്ങിയ നഗരം :

(A) ലണ്ടൻ
(B) പാരീസ്
(C) റോം
(D) ജനീവ

12. ''ഉയർത്തെഴുന്നേൽക്കുക, ജാഗ്രതയോടെയിരിക്കുക, ലക്ഷ്യത്തിലേക്കു കുതിക്കുക'' എന്ന് ലോകത്തെ വിളിച്ചുണർത്തിയ സാമൂഹ്യപരിഷ്കർത്താവ് :

(A) ജ്യോതിറാവു ഫുലേ
(B) റാം മോഹൻ റോയ്
(C) സ്വാമി വിവേകാനന്ദൻ
(D) ഈശ്വര ചന്ദ്ര വിദ്യാസാഗർ

13. ഏകലവ്യൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന മലയാള സാഹിത്യകാരൻ :

(A) ടി.വി. കൊച്ചുബാവ
(B) കെ.എം. മാത്യു
(C) എം.പി. അപ്പൻ
(D) പൊൻകുന്നം വർക്കി

14. ആദ്യത്തെ മനുഷ്യാവകാശ സമ്മേളനം നടന്ന സ്ഥലം :

(A) വിയന്ന
(B) നോർവെ
(C) പാരീസ്
(D) ലണ്ടൻ

15. ആരുടെ സ്മരണാർത്ഥം പുറത്തിറക്കിയ പുസ്തകമാണ് "മെമ്മറീസ് നെവർ ഡൈ"?

(A) കെ.ആർ. നാരായണൻ
(B) ഫക്രുദ്ദീൻ അലി അഹമ്മദ്
(C) എ.പി.ജെ. അബ്ദുൾ കലാം
(D) സക്കീർ ഹുസൈൻ

16. രാജ്യത്ത് ആദ്യമായി ഗ്രഫീൻ നയം നടപ്പിലാക്കാൻ പോകുന്ന സംസ്ഥാനം :

(A) കേരളം
(B) തമിഴ്നാട്
(C) ആന്ധ്രാപ്രദേശ്
(D) കർണ്ണാടക

17. ആന്റിസ്റ്റെറിലിറ്റി വിറ്റാമിൻ എന്നറിയപ്പെടുന്നത് :

(A) വിറ്റാമിൻ A
(B) വിറ്റാമിൻ B
(C) വിറ്റാമിൻ D
(D) വിറ്റാമിൻ E

18. ഇന്ത്യയിലെ വായ്പ തട്ടിപ്പ് ആപ്പുകളടക്കമുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയാൻ ഗൂഗിൾ ആരംഭിച്ച സുരക്ഷാ പദ്ധതി :

(A) ഡിജിലോക്ക്
(B) ഡിജിആപ്പ്
(C) ഡിജികവച്
(D) ഡിജിസേഫ്

19. നായർ ഭൃത്യജനസംഘത്തിന് (എൻ.എസ്.എസ്.) നായർ സർവ്വീസ് സൊസൈറ്റി എന്ന പേര് നിർദ്ദേശിച്ച വ്യക്തി :

(A) മന്നത്ത് പദ്മനാഭൻ
(B) കെ.പി. കേശവ മേനോൻ
(C) കെ. കേളപ്പൻ
(D) കെ. പരമു പിള്ള

20. സാമ്പത്തികശാസ്ത്ര നോബേൽ 2023-ൽ നേടിയ വ്യക്തി :

(A) ഡഗ്ലസ് ഡയമണ്ട്
(B) ക്ലോഡിയ ഗോൾഡിൻ
(C) ഫിലിപ്പ് ഡൈബ്വിഗ്
(D) ബെൻ. എസ്. ബെർനാൻകെ

21. ലോകത്തിലെ ഏറ്റവും തിരക്കുള്ള പോർട്ട് :

(A) കൊളംബോ
(B) റോട്ടർ ഡാം
(C) ഷാങ്ഹായ്
(D) ബുസാർ

22. "ഗാന്ധിജിയും ഗോഡ്സെയും" എന്ന കൃതി രചിച്ചതാര്?

(A) വള്ളത്തോൾ നാരായണമേനോൻ
(B) എൻ.വി. കൃഷ്ണവാരിയർ
(C) സുകുമാർ അഴീക്കോട്
(D) കെ. രാമചന്ദ്രൻ നായർ

23. മത്സ്യത്തൊഴിലാളികളെ ബ്ലേഡ് മാഫിയയുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കാൻ സഹകരണ വകുപ്പിന്റെ പദ്ധതി :

(A) സ്നേഹതീരം
(B) സ്പർശം
(C) സാന്ത്വനം
(D) പരിവർത്തനം

24. ദേശീയ പ്രാധാന്യമുള്ള സ്മാരകമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച തുംഗനാഥ് ഏത് സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്?

(A) മധ്യപ്രദേശ് (B) ജാർഖണ്ഡ്
(C) ഛത്തീസ്ഗഡ് (D) ഉത്തരാഖണ്ഡ്

25. കേരളത്തിലെ നാടകക്കളരി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് :

(A) കാവാലം നാരായണപ്പണിക്കർ (B) അക്കിത്തം
(C) കെ.റ്റി. മുഹമ്മദ് (D) ജി. ശങ്കരപ്പിള്ള

26. ഗാന്ധിജി ജോഹാനസ് ബെർഗിൽ നിന്ന് ആരംഭിച്ച പത്രം :

(A) ഹരിജൻ (B) ഇന്ത്യൻ ഒപ്പീനിയൻ
(C) ദി സ്റ്റേറ്റ്സ്മാൻ (D) ഇന്ത്യൻ സോഷ്യോളജിസ്റ്റ്

27. പ്രകാശസംശ്ലേഷണത്തിന്റെ സങ്കീർണ്ണതകൾ വെളിപ്പെടുത്തിയ അമേരിക്കൻ ബയോകെമിസ്റ്റ് :

(A) മെൽവിൻ കാൽവിൻ (B) ബ്രൂസ് ആൽബർട്ട്
(C) ഹോവാർഡ് സെഡാർ (D) വില്യം ഡിഗ്രാഡോ

28. 2024 മാർച്ച് 30-ന് നൂറാം വാർഷികം ആഘോഷിച്ച കേരളത്തിലെ പ്രധാന സത്യാഗ്രഹം :

(A) ഉപ്പു സത്യാഗ്രഹം
(B) ഗുരുവായൂർ സത്യാഗ്രഹം
(C) വൈക്കം സത്യാഗ്രഹം
(D) തളി സത്യാഗ്രഹം

29. 2023 ഒക്ടോബറിൽ ഭൂതല ബാലിസ്റ്റിക് മിസൈലായ അബാബീൽ വിജയകരമായി പരീക്ഷിച്ച രാജ്യം :

(A) പാക്കിസ്ഥാൻ (B) അഫ്ഗാനിസ്ഥാൻ
(C) ഇറാഖ് (D) ഇറാൻ

30. ഐക്യരാഷ്ട്രസഭയുടെ 193-ാമത്തെ അംഗമായി ചേർന്ന രാജ്യം :

(A) മൗണ്ടിനെഗ്രോ റിപ്പബ്ലിക്

(B) കെനിയ

(C) തുർക്കി

(D) ദക്ഷിണസുഡാൻ

31. ലോക ഭൗമദിനാചരണത്തിന്റെ സ്ഥാപകൻ എന്നറിയപ്പെടുന്ന വ്യക്തി :

(A) ഗൈലോഡ് നെൽസൻ

(B) വാൾട്ടർ റൂഥർ

(C) റേച്ചൽ കഴ്സൺ

(D) ഫ്രഡ് ഡട്ടൻ

32. കേരളത്തിൽ ആദ്യമായി സമ്പൂർണ്ണ ആധാർ രജിസ്ട്രേഷൻ പൂർത്തിയാക്കിയ പഞ്ചായത്ത് :

(A) പീരുമേട്

(B) അമ്പലവയൽ

(C) മട്ടന്നൂർ

(D) മീനങ്ങാടി

33. കേരളത്തിൽ ബ്രിട്ടീഷുകാരുടെ ആദ്യ പണ്ടകശാല :

(A) ആറ്റിങ്ങൽ

(B) കൊല്ലം

(C) തലശ്ശേരി

(D) വിഴിഞ്ഞം

34. 1411-ൽ പണി കഴിപ്പിച്ച ഭദ്രാ കോട്ട സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) ഗുജറാത്ത്

(B) മഹാരാഷ്ട്ര

(C) ആന്ധ്രാപ്രദേശ്

(D) കർണ്ണാടക

35. സംഗീതവും ആൾജിബ്രയും ഉള്ളടക്കമായ "പ്രോബ്ലംസ് ഓഫ് അരിത്തമാറ്റിക്" എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ രചയിതാവ് :

(A) പൈതഗോറസ്

(B) അരിസ്റ്റോട്ടിൽ

(C) ഒമർഖയ്യാം

(D) യൂക്ലിഡ്

36. താഴെ പറയുന്ന സംഭവങ്ങളിൽ ശരിയായത് തെരഞ്ഞെടുക്കുക :

(i) ആനി ബെസന്റാണ് തിയോസഫിക്കൽ സൊസൈറ്റി ലണ്ടനിൽ സ്ഥാപിച്ചത്

(ii) ആനി ബെസന്റിന്റെ പ്രവർത്തന ഫലമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലേയ്ക്ക് തീവ്രവാദി വിഭാഗത്തെ തിരികെ കൊണ്ടുവന്നു

(iii) ഹോം റൂൾ പ്രസ്ഥാനത്തിന്റെ മഹാരാഷ്ട്രയിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു

(A) (i) & (ii)

(B) (ii) മാത്രം

(C) (i) & (iii)

(D) (i), (ii) & (iii)

37. ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ അനുച്ഛേദ പ്രകാരമാണ് ഓരോ ഇന്ത്യൻ സംസ്ഥാനത്തിനും ഒരു ഗവർണ്ണർ ഉണ്ടാവണമെന്ന് വ്യവസ്ഥപ്പെടുത്തുന്നത്?

(A) ആർട്ടിക്കിൾ 142 (B) ആർട്ടിക്കിൾ 153

(C) ആർട്ടിക്കിൾ 167 (D) ആർട്ടിക്കിൾ 123

38. കേരളത്തെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ പരിശോധിച്ച് ശരിയായ പ്രസ്താവനകൾ കണ്ടെത്തുക :

(i) ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ പോസിറ്റീവ് ജനസംഖ്യാ വളർച്ചാ നിരക്ക് കേരളത്തിനാണ്

(ii) ഇന്ത്യയിലെ ഏറ്റവും കൂടിയ ലിംഗാനുപാതമുള്ള സംസ്ഥാനമാണ്

(iii) ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്ക് കേരളത്തിനാണ്

(iv) കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ഇന്ത്യയിലെ ആദ്യത്തെ വലിയ സമ്പദ്‌വ്യവസ്ഥയാണ്

(A) (i), (ii), (iii) ശരിയാണ്

(B) (i), (ii), (iii), (iv) ശരിയാണ്

(C) (i), (iv) ശരിയാണ്

(D) (i), (ii), (iv) ശരിയാണ്

39. പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി എത്ര രൂപയുടെ പ്രത്യേക സ്മാരക നാണയമാണ് ഇന്ത്യാ ഗവണ്മെന്റ് പുറത്തിറക്കിയത്?

(A) 25
(B) 75
(C) 50
(D) 100

40. സ്വാതന്ത്ര്യാനന്തരം സംസ്ഥാന പുനഃസംഘടനാ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന കമ്മിറ്റികളിൽ ഉൾപ്പെടാത്തത് ഏത്?

(A) ബൽവന്ത്റായ് മേത്താ കമ്മീഷൻ
(B) ഫസൽ അലി കമ്മീഷൻ
(C) ജെ.വി.പി. കമ്മിറ്റി
(D) ധർ കമ്മീഷൻ

41. ഭൗമസൂചികാ പദവി ലഭിച്ച കാജി നീമുവിനെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ച സംസ്ഥാനം :

(A) മിസോറം
(B) അരുണാചൽ പ്രദേശ്
(C) അസം
(D) മേഘാലയ

42. 1918-ൽ തിരുവനന്തപുരത്തു നിന്ന് ആരംഭിച്ച 'സമദർശി' പത്രത്തിന്റെ സ്ഥാപകൻ :

(A) കേസരി ബാലകൃഷ്ണപിള്ള
(B) കുളക്കുന്നത്ത് രാമൻ മേനോൻ
(C) പരവൂർ കേശവനാശാൻ
(D) സി.വി. കുഞ്ഞിരാമൻ

43. എഡ്വിൻ ആർനോൾഡിന്റെ "ലൈറ്റ് ഓഫ് ഏഷ്യ" 'ബുദ്ധഗാഥ' എന്ന പേരിൽ പരിഭാഷപ്പെടുത്തിയ സാഹിത്യ പ്രതിഭ :

(A) ബി. കല്യാണിയമ്മ
(B) എ.വി. കുട്ടിമാളു അമ്മ
(C) തരവത്ത് അമ്മാളു അമ്മ
(D) ലളിതാംബിക അന്തർജ്ജനം

44. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിലെ സാമൂഹിക വികസന പരിപാടികളിലേക്ക് (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം) വഴിതെളിച്ച ഒരു സുപ്രധാന പദ്ധതി :

(A) ഇറ്റാവ പദ്ധതി
(B) ശ്രീനികേതൻ സംരംഭം
(C) ഗർഗമോൺ പദ്ധതി
(D) സേവാഗ്രാം പദ്ധതി

45. ട്വന്റി ട്വന്റി ക്രിക്കറ്റിൽ 1000 റൺസ് തികയ്ക്കുകയും 100 വിക്കറ്റുകൾ നേടുകയും ചെയ്ത ഇന്ത്യൻ വനിതാ താരം :

(A) സ്മൃതി മന്ദാന
(B) മിതാലി രാജ്
(C) ഹർമൻപ്രീത് കൗർ
(D) ദീപ്തി ശർമ്മ

46. ലോകത്ത് ഏറ്റവും കൂടുതൽ സ്റ്റീൽ ഉത്പാദിപ്പിക്കുന്ന രാജ്യം :

(A) ഇന്ത്യ
(B) ചൈന
(C) ജപ്പാൻ
(D) ഇറാൻ

47. എഴുപത്തൊന്നാമത് ലോക സുന്ദരിപ്പട്ടം നേടിയത് :

(A) യാസ്മിനാ സയ്ടൗൺ
(B) സിനി ഷെട്ടി
(C) ക്രിസ്റ്റാനാ പിസ്കോവ
(D) ഹൈറ വാലിറ്റി

48. യുനസ്കോയുടെ പൈതൃക പട്ടികയിൽ ഇടം നേടിയ ഗുജറാത്തിലെ പാരമ്പര്യ നൃത്തരൂപം :

(A) ഗർബ നൃത്തം
(B) ബുയ
(C) ദണ്ഡിയറാസ്
(D) പധർ നൃത്തം

49. ടൈം വാരികയുടെ 2023-ലെ വ്യക്തിയായി തിരഞ്ഞെടുക്കപ്പെട്ടതാരാണ്?

(A) സാം ആൽട്ട്മാൻ
(B) ടെയ്‌ലർ സ്വിഫ്റ്റ്
(C) വ്ലാഡിമിർ പുടിൻ
(D) ജെറോം പവൽ

50. ലോകത്തിലെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉച്ചകോടി വേദിയായ രാജ്യം :

(A) ഫ്രാൻസ്
(B) റഷ്യ
(C) ചൈന
(D) ബ്രിട്ടൻ

51. ചുവടെ കൊടുത്തിരിക്കുന്നവയിൽ അഭാജ്യസംഖ്യ ഏതാണ്?

(A) 227 (B) 221
(C) 217 (D) 237

52. $6^0 + 6 + 6^2 + 6^3 + .... + 6^{10}$ എന്നതിന്റെ ഒന്നിന്റെ സ്ഥാനത്തുള്ള സംഖ്യ ഏതാണ്?

(A) 1 (B) 2
(C) 3 (D) 4

53. $2^{2026}$ എന്നതിനെ 5 കൊണ്ട് ഹരിച്ചാൽ ശിഷ്ടം എത്ര?

(A) 1 (B) 2
(C) 3 (D) 4

54. ചുവടെ കൊടുത്തിരിക്കുന്നവയിൽ കൃത്യമായി മൂന്ന് ഘടകങ്ങളുള്ള സംഖ്യ ഏതാണ്?

(A) 144 (B) 121
(C) 99 (D) 131

55. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ചെറിയത് ഏതാണ്?

(A) $\pi$ (B) $\frac{10}{3}$
(C) $\sqrt{9.61}$ (D) $(1.8)^2$

56. ഒരു മട്ടസമപാർശ്വത്രികോണത്തിന്റെ ഏറ്റവും നീളം കൂടിയ വശം 2 സെന്റിമീറ്റർ ആയാൽ അതിന്റെ പരപ്പളവ് എത്ര?

(A) $2\sqrt{2}$ ചതുരശ്ര സെന്റിമീറ്റർ (B) 1 ചതുരശ്ര സെന്റിമീറ്റർ
(C) $\sqrt{2}$ ചതുരശ്ര സെന്റിമീറ്റർ (D) $2\sqrt{3}$ ചതുരശ്ര സെന്റിമീറ്റർ

57. 2026 മെയ് 1 വെള്ളിയാഴ്ച ആയാൽ അതേ മാസം 31 ഏത് ദിവസമായിരിക്കും?

(A) വെള്ളിയാഴ്ച (B) ശനിയാഴ്ച
(C) ഞായറാഴ്ച (D) തിങ്കളാഴ്ച

58. ഒരു സമചതുരക്കട്ടയുടെ (ക്യൂബ്) വികർണം $\sqrt{3}$ സെന്റിമീറ്റർ ആണെങ്കിൽ, അതിന്റെ ഉപരിതലപരപ്പളവ് എത്ര?

(A) 3 ചതുരശ്ര യൂണിറ്റ് (B) $3\sqrt{3}$ ചതുരശ്ര യൂണിറ്റ്
(C) 1 ചതുരശ്ര യൂണിറ്റ് (D) 6 ചതുരശ്ര യൂണിറ്റ്

59. ഒരു സമാന്തരശ്രേണിയുടെ 5-ാം പദം 10 ഉം, 10-ാം പദം 45 ഉം ആയാൽ 15-ാം പദം എത്ര?

(A) 70 (B) 80
(C) 90 (D) 100

60. കള്ളത്തരങ്ങൾ കാണിക്കുന്ന ഒരു വ്യാപാരി തന്റെ സാധനങ്ങൾ വാങ്ങിയ വിലയ്ക്ക് തന്നെ വിൽക്കുന്നു എന്ന് അവകാശപ്പെടുന്നു. എന്നാൽ അയാൾ 1 കിലോഗ്രാമിന് പകരം 960 ഗ്രാം തൂക്കക്കട്ട മാത്രമാണ് ഉപയോഗിക്കുന്നത്. അയാളുടെ ലാഭശതമാനം എത്ര?

(A) 40% (B) $\frac{25}{6}\%$
(C) $\frac{26}{7}\%$ (D) 38%

61. John said. "I was reading a book when my mother called." :

(A) John told that he was reading a book when his mother had called.
(B) John said that he had been reading a book when his mother called.
(C) John said that he was reading a book when his mother was calling.
(D) John said that he had read a book when my mother called him.

62. We ____________ in this city for the last ten years.

(A) have been living
(B) were living
(C) are living
(D) live

63. If I ______________ before, I would have come for your help.

(A) knew it
(B) have known it
(C) had known it
(D) know

64. Ramu will have completed the project by next Monday. Change the voice :

(A) The project will be completed by Ramu by next Monday.
(B) The project will have completed by Ramu by next Monday.
(C) The project shall be completed by Ramu by next Monday.
(D) The project will have been completed by Ramu by next Monday.

65. Use the correct question tag :
Open the window, ____________?

(A) don't you?
(B) will you?
(C) won't you?
(D) do you?

66. A ___________ of crows sat ominously on the fence.

(A) murder
(B) pack
(C) cluster
(D) swarm

67. What is the synonym of "sagacious"?

(A) Ignorant
(B) Wise
(C) Foolish
(D) Slow

68. Choose the correct spelling :

(A) Mischevious
(B) Mischievous
(C) Mischievious
(D) Mischivious

69. He tried to _________ me with some blatant lies.

(A) fob off
(B) give in
(C) bring up
(D) let down

70. After the argument, she felt terrible and wanted to ___________ with her friend.

(A) break the ice
(B) bury the hatchet
(C) spill the beans
(D) pull his leg

71. 'From' എന്നതിന് തത്തുല്യമായ പദം :

(A) പ്രേക്ഷിതൻ (B) പ്രേഷകൻ
(C) പ്രേക്ഷകൻ (D) പ്രേഷികൻ

72. താഴെ കൊടുത്തിരിക്കുന്നവയിൽ പൂജകബഹുവചനപ്രത്യയം ഉള്ള പദം ഏത്?

(A) അധ്യാപകർ (B) രാജാക്കന്മാർ
(C) സ്വാമികൾ (D) കുട്ടികൾ

73. വിധായകപ്രകാരത്തിന് ഉദാഹരണം :

(A) എത്തിക്കട്ടെ (B) എത്തിക്കണം
(C) എത്തിക്കാം (D) പഠിക്കുവിൻ

74. ശരിയായ പ്രയോഗമേത്?

(A) അടിമത്വം (B) അടിമത്തം
(C) അടിമത്ത്വം (D) അടിമത്ത്ത്വം

75. താഴെക്കൊടുത്തിരിക്കുന്നവയിൽ ആഗമസന്ധിക്ക് ഉദാഹരണം ഏത്?

(A) ഓടിപ്പോയി (B) പോയില്ല
(C) അകറ്റുന്നു (D) പാതയോരം

76. ശരിയായ വാക്യമേത്?

(A) അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ വലിയ പ്രശ്നമാണ്
(B) അബ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ വലിയ പ്രശ്നമാണ്
(C) അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ വലിയ പ്രശ്നമാണ്
(D) അഭ്യസ്ഥവിദ്യരുടെ ഒരു തൊഴിലില്ലായ്മ വലിയ പ്രശ്നമാണ്

77. വാക് + വാദം =

(A) വാക്‌വാദം (B) വാഗ്വാദം
(C) വാകാദം (D) വാക്കുവാദം

78. താഴെ തന്നിരിക്കുന്നവയിൽ 'കല്ലി'ന്റെ പര്യായമല്ലാത്ത പദം ഏത്?

(A) ഉപലം (B) പ്രസ്തരം
(C) പാഷാണം (D) ഗോദാരണം

79. 'വന്നിട്ടുണ്ട്' എന്ന പദത്തിലെ അനുപ്രയോഗം :

(A) പൂരണാനുപ്രയോഗം (B) കാലാനുപ്രയോഗം
(C) ഭേദകാനുപ്രയോഗം (D) നിഷേധാനുപ്രയോഗം

80. പ്രതിഗ്രാഹികാ വിഭക്തിയുടെ പ്രത്യയം :

(A) ഓട് (B) ക്ക്
(C) എ (D) ആൽ

81. സിപിയുവിനും പ്രധാന മെമ്മറിക്കും ഇടയിൽ ഹൈ-സ്പീഡ് ബഫറായി ഏത് തരം മെമ്മറിയാണ് ഉപയോഗിക്കുന്നത്?

(A) ഫ്ലാഷ് മെമ്മറി (B) വെർച്വൽ മെമ്മറി

(C) കാഷെ മെമ്മറി (D) രജിസ്റ്റർ

82. വൈദ്യുത പ്രവാഹം വഴി ഉത്തേജിപ്പിക്കപ്പെടുമ്പോൾ പ്രകാശം പുറപ്പെടുവിക്കുന്നതും ബാക്ക്ലൈറ്റിന്റെ ആവശ്യകത ഇല്ലാതാക്കുന്നതുമായ ജൈവ സംയുക്തങ്ങൾ ഉപയോഗിക്കുന്ന ഡിസ്പ്ലേ സാങ്കേതികവിദ്യ ഏത് തരം ഡിസ്പ്ലേയാണ്?

(A) എൽസിഡി (B) സിആർടി

(C) ഒഎൽഇഡി (D) എൽഇഡി

83. ഒരു വരി അല്ലെങ്കിൽ ഒരു കോളം ലോക്ക് ചെയ്ത് അബ്സല്യൂട്ട് സെൽ റഫറൻസ് ഉണ്ടാക്കാൻ ഏത് പ്രതീകമാണ് ഉപയോഗിക്കുന്നത്? (ഉദാ. ഒരു പ്രത്യേക നികുതി നിരക്ക് സെൽ സ്ഥിരമായി നിലനിർത്തുന്നത്)?

(A) % (B) &

(C) ! (D) $

84. എല്ലാ പ്രവർത്തനങ്ങളുടെയും പൂർണ്ണ നിയന്ത്രണമുള്ള ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പ്രധാനമായ കേന്ദ്ര ഘടകമാണ് :

(A) ഷെൽ (B) കേർണൽ

(C) രജിസ്ട്രി (D) കമാൻഡ് പ്രോംപ്റ്റ്

85. ഒരു യൂണിവേഴ്സിറ്റി കാമ്പസിലുടനീളമുള്ള ഒന്നിലധികം വ്യത്യസ്ത LAN കെട്ടിടങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു നെറ്റ്‌വർക്കിനെ __________ എന്ന് വിളിക്കുന്നു.

(A) MAN (B) WAN

(C) CAN (D) PAN

86. ഒരു സിസ്റ്റം ഫോർമാറ്റിൽ നിന്ന് (IBM SNA പോലെ) മറ്റൊന്നിലേക്ക് (TCP/IP പോലെ) ഡാറ്റ വിവർത്തനം ചെയ്യുന്ന, ഒരു പ്രോട്ടോക്കോൾ കൺവെർട്ടറായി പ്രവർത്തിക്കുന്ന ഡിവൈസ് ഏതാണ്?

(A) റിപ്പീറ്റർ (B) ബ്രിഡ്ജ്

(C) ഗേറ്റ്‌വേ (D) ഹബ്

87. സോഷ്യൽ മീഡിയ മാർക്കറ്റിംഗിൽ 'യുജിസി' എന്ന ചുരുക്കെഴുത്ത് എന്തിനെ സൂചിപ്പിക്കുന്നു?

(A) യൂസർ-ജനറേറ്റഡ് കണ്ടന്റ്

(B) യൂണിവേഴ്സൽ ഗ്രോത്ത് കാമ്പെയ്ൻ

(C) യൂണിഫൈഡ് ഗ്രാഫിക് കമ്മ്യൂണിക്കേഷൻ

(D) യൂസർ ഗ്രൂപ്പ് കമ്മ്യൂണിറ്റി

88. ഒരു ഇ-മെയിൽ കമ്പോസ് ചെയ്യുമ്പോൾ 'ബിസിസി' ഫീൽഡ് എന്തിനെ സൂചിപ്പിക്കുന്നു?

(A) ബിസിനസ് കാർബൺ കോപ്പി

(B) ബ്ലൈൻഡ് കാർബൺ കോപ്പി

(C) ബാക്ക്‌വേർഡ് കോംപാറ്റിബിൾ കോപ്പി

(D) ബ്ലോക്ക്ഡ് കോൺഫിഡൻഷ്യൽ കോപ്പി

89. സൈബർ കുറ്റകൃത്യവും സിവിൽ സൈബർ കുറ്റകൃത്യവും തമ്മിലുള്ള പ്രാഥമിക വ്യത്യാസം എന്താണ്??

(A) മൊബൈൽ ഫോണുകളിൽ മാത്രമാണ് സൈബർ കുറ്റകൃത്യങ്ങൾ നടക്കുന്നത്, അതേസമയം സിവിൽ കുറ്റകൃത്യങ്ങൾ കമ്പ്യൂട്ടറുകളിലാണ് സംഭവിക്കുന്നത്

(B) സൈബർ കുറ്റകൃത്യങ്ങൾ സംസ്ഥാനത്തിനോ സമൂഹത്തിനോ എതിരായ കുറ്റകൃത്യങ്ങളാണ്, അതേസമയം സിവിൽ കുറ്റകൃത്യങ്ങൾ സ്വകാര്യ വ്യക്തികൾക്ക് നാശനഷ്ടമുണ്ടാക്കുന്നു

(C) സിവിൽ സൈബർ കുറ്റകൃത്യങ്ങൾ എപ്പോഴും ഉടനടിയുള്ള ജയിൽ ശിക്ഷയ്ക്ക് കാരണമാകുന്നു

(D) സൈബർ കുറ്റകൃത്യങ്ങളിൽ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നില്ല

90. 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിൽ സെക്ഷൻ 66A യും സൈബർ ഭീകരതയ്ക്കുള്ള നിർവചനങ്ങളും അവതരിപ്പിച്ച ഒരു പ്രധാന ഭേദഗതി ലഭിച്ചത് ഏത് വർഷത്തിലാണ്?

(A) 2005 (B) 2008

(C) 2011 (D) 2015

91. ശാസ്താവിന്റെ വാഹനം എന്താണ്?

(A) കുതിര
(B) പുലി
(C) കടുവ
(D) മൂഷകൻ

92. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിന്റെ ശ്രീകോവിലിന്റെ ആകൃതി എന്താണ്?

(A) ചതുരശ്രം
(B) അഷ്ടാശ്രം
(C) വൃത്തം
(D) ദീർഘചതുരം

93. പഞ്ച പാണ്ഡവ ക്ഷേത്രം ഏത്?

(A) തിരുനെല്ലി
(B) തിരുമാന്ധാംകുന്ന്
(C) ഗുരുവായൂർ
(D) തൃച്ചിറ്റാറ്റ്

94. പഞ്ചവാദ്യത്തിൽ ഉൾപ്പെടുന്നത് ഏത്?

(A) നാദസ്വരം
(B) തകിൽ
(C) ഓടക്കുഴൽ
(D) ഇലത്താളം

95. ഗണത്തിൽ ഉൾപ്പെടാത്തത് ഏത്?

(A) യജ്ജൂർവേദം
(B) സാമവേദം
(C) ആയുർവേദം
(D) അഥർവ്വവേദം

96. ഭീഷ്മരുടെ യഥാർത്ഥ പേര് :

(A) ദേവസ്രവസ്

(B) ദേവവ്രതൻ

(C) ദേവശ്രുതൻ

(D) ദേവസേനൻ

97. ശങ്കരാചാര്യർ പൂജാക്രമം നിശ്ചയിച്ച ഭാരതത്തിന്റെ ഉത്തര ദിക്കിലുള്ള ക്ഷേത്രം :

(A) പുരി

(B) ശൃംഗേരി

(C) ബദരീനാഥ്

(D) കാളീഘട്ട്

98. ജ്ഞാനപ്പാനയുടെ കർത്താവ് ആര്?

(A) ചെറുശ്ശേരി

(B) മേൽപ്പത്തൂർ

(C) പൂന്താനം

(D) ആഞ്ഞം

99. ശ്രീചക്ര പൂജാ കല്പം ആരുടെ കൃതി ആണ്?

(A) ശ്രീ ചട്ടമ്പിസ്വാമികൾ

(B) ശ്രീനാരായണ ഗുരു

(C) ശ്രീ ശങ്കരാചാര്യർ

(D) ശ്രീരാമകൃഷ്ണ പരമഹംസൻ

100. മുളയറയുടെ വാതിൽ ഏത് ദിക്കിലേക്കാണ് വേണ്ടത്?

(A) തെക്ക്

(B) പടിഞ്ഞാറ്

(C) കിഴക്ക്

(D) വടക്ക്